# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.980** **10.06.2019 ലെ മറുപടി**

**കുട്ടനാട്ടിലെ ജലാശയങ്ങളുടെ പരിപാലനം**

**ചോദ്യം**

**ശ്രീ.തോമസ് ചാണ്ടി :**

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) കുട്ടനാട്ടിലെ ജലാശയങ്ങളിൽ പ്രളയാനന്തരം പോളയും കടകലും (ജല സസ്യങ്ങൾ) മണ്ണും നിറഞ്ഞ് ആഴം കുറഞ്ഞ് ഒഴുക്കില്ലാത്ത അവസ്ഥയുണ്ടാകുന്നതിനാൽ ഇവ മാറ്റി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ) ആലപ്പുഴ ജില്ലയിൽ കുട്ടനാട്ടിലെ ജലാശയങ്ങളിൽ മണ്ണ് നിറഞ്ഞ് ആഴംകുറഞ്ഞ് ഒഴുക്കില്ലാത്ത അവസ്ഥയുണ്ടാകുന്നതിനാൽ വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

1. പുളിങ്കുന്ന് പഞ്ചായത്തിൽ 19 പ്രവർത്തികൾക്ക് 61.35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി ടെണ്ടർ നടപടികൾ നടന്നുവരുന്നു.
2. കുട്ടനാട്ടിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കൊപ്പം തോടുകളും കനാലുകളും ശുചീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിൽ 32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് ഉപയോഗപ്പെടുത്തി പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനോടൊപ്പം ചുറ്റുമുള്ള 60 കിലോമീറ്ററോളം തോടുകളും ശുചീകരിക്കും.
3. ഈ വർഷം കുട്ടനാട്ടിൽ നടപ്പാക്കുന്ന SDRF പ്രവർത്തനങ്ങളിൽ 1.4878 കോടി രൂപ പ്രളയത്തിൽ മണ്ണിടിഞ്ഞ് ജലനിർഗ്ഗമനം തടസ്സപ്പെട്ട് ചാനലുകൾ ശുചീകരിക്കുന്നതിനായി നീക്കിവെക്കുകയും പ്രവർത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. ചെങ്ങന്നൂർ മൈനർ ഇറിഗേഷൻ ഡിവിഷൻ വഴി 0.45 കോടി രൂപയുടെ പദ്ധതികളും തോടുകളുടെ ശുചീകരണം നടപ്പിലാക്കുന്നുണ്ട്.

5. ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ വഴി നടപ്പിലാക്കുന്ന ആലപ്പുഴ ജില്ലയിലെ 5.8 കോടി രൂപയുടെ വിവിധ പ്രവർത്തികളിലും കനാലുകളും തോടുകളും ശുചീകരിക്കുന്നതിനുള്ള പ്രവർത്തികളും ഉൾപ്പെടുന്നു.

6. KIIFB-യുടെ ധന സഹായത്തോടെ ആലപ്പുഴ ടൗൺ കനാലുകൾ ശുചീകരിക്കുന്നതിനായി 39 കോടി രൂപയുടെ പ്രവർത്തി നടപ്പിലാക്കി വരുന്നു.

7. വീയപ്പുരം മുതൽ തോട്ടപള്ളി വരെ ലീഡിംഗ് ചാനലിലെ 4.25 ലക്ഷം ക്യൂബിക്ക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് Expression of Interest ക്ഷണിച്ച് കഴിഞ്ഞു.

8. വെള്ളപ്പൊക്കത്തിൽ മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെട്ട ആലപ്പുഴ ജില്ലയിലെ നാവിഗേഷൻ കനാലുകളിലും ബോട്ടുജെട്ടികളിലും മണ്ണ് നീക്കം ചെയ്യുന്നതിന് ഫ്ളഡ് ഡാമേജ് 2018-ൽ ഉൾപ്പടുത്തി 5.28 കോടി രൂപയുടെ പദ്ധതി ഇൻലാൻഡ് നാവിഗേഷൻ വഴി നടപ്പിലാക്കുന്നുണ്ട്.

9. കൂടാതെ തൊഴിലുറപ്പ് പദ്ധതി വഴിയും തോടുകളുടെ ശുചീകരണം നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**